"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ 2015-2016 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ മത്സര പരീക്ഷ പരിശീലനം (എസ്.ഒ. 124/16), വ്യക്തികൾക്ക് തയ്യൽ മെഷിൻ വാങ്ങി നൽകൽ (എസ്.ഒ. 123/16) എന്നീ പദ്ധതികൾ സാധൂകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്**

സ.ഉ.(സാധാ) നം.327/2022/LSGD തീയതി,തിരുവനന്തപുരം, 14-02-2022

---

പരാമർശം:- ഗ്രാമ വികസന കമ്മീഷണറുടെ 28.12.2021 ലെ 2045/ഡിപി2/2021/സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മത്സര പരീക്ഷ പരിശീലനം (എസ്.ഒ. 124/16), മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തികൾക്ക് തയ്യൽ മെഷിൻ വാങ്ങി നൽകൽ (എസ്.ഒ. 123/16) എന്നീ പദ്ധതികൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയുണ്ടായി. പ്രസ്തുത പദ്ധതികൾക്ക് യഥാക്രമം ചെലവാക്കിയ 240000/- രൂപയും 114500/- രൂപയും ഉൾപ്പെടെ ആകെ 354,500/- രൂപ ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. ആകയാൽ പ്രസ്തുത പദ്ധതികൾക്ക് സാധൂകരണം നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

എസ്.ഒ. 123/16 പദ്ധതി പ്രകാരം തയ്യൽ മെഷീൻ ലഭിച്ച 20 പട്ടികജാതി വനിതകളും സ്വയം തൊഴിൽ ചെയ്ത് സ്ഥിര വരുമാനം കണ്ടെത്തിയതായും പ്രസ്തുത ജനവിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ആയത് ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർധനരായ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾ വിജയിക്കുവാൻ അവസരം ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെയാണ് പട്ടികജാതി വർക്കിങ്ങ് ഗ്രൂപ്പ് എസ്.ഒ. 124/16 നമ്പരായുള്ള പദ്ധതി ശുപാർശ ചെയ്തതെന്നും വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ജില്ലാ ആസൂത്രണ സമിതിയും ഈ ലക്ഷ്യം മുൻനിർത്തിയാണ് ഭരണാനുമതി നൽകിയതെന്നും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ഇത് മൂലം പ്രസ്തുത ജനവിഭാഗത്തിന് ഗുണവും നേട്ടവും ഉണ്ടായിട്ടുണ്ട് എന്നും അതിനാൽ പ്രസ്തുത പദ്ധതികൾക്ക് സാധൂകരണം നൽകണമെന്നുമാണ് ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പിലാക്കിയ പദ്ധതികളുടെ ഉദ്ദേശ ശുദ്ധിയെ കണക്കിലെടുത്തും സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നത് പരിഗണിച്ചും സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തെ മുൻ നിരയിലേക്ക് എത്തിക്കുക എന്ന നന്മ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ, മത്സര പരീക്ഷ പരിശീലനം (എസ്.ഒ. 124/16), വ്യക്തികൾക്ക് തയ്യൽ മെഷിൻ വാങ്ങി നൽകൽ (എസ്.ഒ. 123/16) ) എന്നീ പദ്ധതികൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, വാമനപുരം ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, സ്വരാജ് ഭവൻ,നന്തൻകോട്,തിരുവനന്തപുരം
വെബ് & ന്യൂമീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ